**അടിയന്തര പ്രമേയം**

മി. സ്പീക്കർ: കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സർക്കാരാശുപത്രികളിൽ ഗുണമേന്മയുള്ള ഔഷധങ്ങൾ യഥാസമയം സംഭരിച്ച് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പരാജയപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, കെ. കെ. ജയചന്ദ്രൻ, മാത്യു ടി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കെടുകാര്യസ്ഥത**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകളിൽവരെ ജനറിക് മരുന്നുകൾ ഫലപ്രദമായി വിതരണം ചെയ്യുകയാണ്. ഇത് വലിയൊരു പദ്ധതിയാണ്. ഇന്ത്യയിൽ ഇന്ന് ഏറ്റവും കൂടുതൽ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്ന സംസ്ഥാനം കേരളമാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് ആ സമഗ്രമായ പദ്ധതി നടപ്പിലാക്കുന്നത്. 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനുള്ള ഇൻഡെന്റും ടെണ്ടർ നടപടികളും പൂർത്തിയായിട്ടുണ്ട്. ഇന്ന് ഇ–ടെണ്ടർ വിളിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം സാധാരണ ടെണ്ടർ സംവിധാനമായിരുന്നു. സർക്കാർ

ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാകുന്നില്ലായെന്നൊരു പരാതി ഇപ്പോൾ ഉണ്ടാകുന്നില്ല. ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായാൽ പരിഹരിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ അപ്പോൾത്തന്നെ സ്വീകരിക്കുന്നുണ്ട്. അടുത്ത ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മരുന്ന് വാങ്ങുന്നതുവരെ വിതരണം ചെയ്യുന്നതിനുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ സംഭരിച്ചിട്ടുണ്ട്. മരുന്നുകളുടെ ഗുണനിലവാരപരിശോധന ഉറപ്പുവരുത്താൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കഴിഞ്ഞ കാലത്തിൽ നിന്നും വ്യത്യസ്തമായി കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ മരുന്നു വിതരണ സംവിധാനം ഫലപ്രദമായിട്ടാണ് മുന്നോട്ട് പോകുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വളരെ ഗൗരവമായ ഒരു വിഷയമാണ് ഇന്നിവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കാൻ ഇടയാക്കിയത്. ബഹുമാനപ്പെട്ട മന്ത്രി പതിവുപോലെ ലാഘവബുദ്ധിയോടുകൂടിത്തന്നെയാണ് ഇതിനെയും സമീപിച്ചിരിക്കുന്നത്. ജനങ്ങളെ ബാധിക്കുന്ന, പ്രത്യേകിച്ച് ആരോഗ്യമേഖലയെക്കുറിച്ചുള്ള ഗൗരവമായ ഏത് വിഷയമാണെങ്കിലും അതിനോടുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ഇത്തരത്തിലുള്ള സമീപനം ശരിയല്ലായെന്ന് ആമുഖമായി പറയുകയാണ്. സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള മരുന്നുകൾ രോഗികൾക്കെത്തിക്കുന്നതിനുള്ള സംവിധാനത്തിലെ തകരാറുമൂലമാണ് തമിഴ്നാട് മോഡലിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചത്. ഏകദേശം 1500 ഓളം ആശുപത്രികളിലും

മെഡിക്കൽ കോളേജുകളിലും ആവശ്യമായ മരുന്നുകളും മെഡിക്കൽ എക്യു പ്മെന്റ്സും വിതരണം ചെയ്യാനുള്ള അധികാരവും ഉത്തരവാദിത്തവും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. ഏകദേശം 100 കോടി രൂപയ്ക്കുള്ള മെഡിക്കൽ എക്യുപ്മെന്റ്സും, 260 കോടി രൂപയുടെ മരുന്നു കൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും, കാരുണ്യ ഫാർമസി യ്ക്കുവേണ്ടി 200 കോടി രൂപയുടെയുതുമടക്കം 600 കോടി രൂപയുടെ മരുന്നു കളാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്നത്. ഈ 600 കോടി രൂപയുടെ മരുന്നിന് ഏകദേശം 5000 കോടി രൂപയോളം മാർക്കറ്റ് വിലയുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങൾ അവർക്ക് ആവശ്യമായ മരുന്നിന് ഇൻഡന്റ് കൊടു ത്താൽ, ഇൻഡന്റ് കൺസോളിഡേറ്റ് ചെയ്ത് ടെണ്ടർ നടപടികളിലൂടെ മരുന്ന് വാങ്ങി യഥാസമയം എത്തിക്കേണ്ട സ്ഥലത്ത് എത്തിക്കുകയെന്ന ഉത്തരവാദി ത്തമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിക്ഷിപ്തമായി രിക്കുന്നത്. അങ്ങനെയുള്ളൊരു സ്ഥാപനം ഇന്ന് അഴിമതിയിൽ മുങ്ങിക്കുളി ച്ചിരിക്കുകയാണ്. ആവശ്യമില്ലാത്ത ധാരാളം മരുന്നുകൾ അവിടെ വാങ്ങി ക്കൂട്ടുകയാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം വളരെ ഭംഗിയായി നടക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയു ന്നതെങ്കിൽ, ഞാൻ അങ്ങയോട് ലളിതമായി ചോദിക്കുന്ന ഒരു കാര്യം, അങ്ങേയ്ക്ക് ധൈര്യമുണ്ടെങ്കിൽ ഇവിടത്തെ ഭരണപക്ഷത്തെയും പ്രതിപ ക്ഷത്തെയും എം.എൽ.എ മാർക്ക് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗൺ സന്ദർശിക്കാൻ സമ്മതം നൽകുമോ എന്നാണ്. അങ്ങനൊരു സമ്മതം നൽകുവാൻ ഈ സഭയിൽ തീരുമാനിക്കുമോ? ഞാനും ബഹുമാന പ്പെട്ട കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ-യുമടക്കമുള്ള ആളുകൾ ഒരു

വർഷം മുൻപ് തൃശ്ശൂർ ജില്ലയിലെ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ പരിശോധിച്ചപ്പോൾ കണ്ടത് ഞെട്ടിപ്പിക്കുന്ന കാര്യങ്ങളാണ്. അവിടെ ഓഫീസർമാർ ഇരിക്കുന്ന സീറ്റിൽ പോലും കോടിക്കണക്കിന് രൂപ യുടെ സ്റ്റോക്കിരിക്കുകയാണ്. അതേസമയം, മെഡിക്കൽ കോളേജിൽ ഞങ്ങൾ സന്ദർശനം നടത്തിയപ്പോൾ  അവർ പറഞ്ഞത് ഇൻഡന്റ് പ്രകാരം അവർക്ക് സാധനങ്ങൾ ലഭിക്കുന്നില്ലായെന്നാണ്.  അതിന്റെ അർത്ഥമെ ന്താണ്?  ആളുകൾ മരുന്നുകൾ ലഭിക്കുന്നില്ലായെന്ന് പരാതി പറയാതിരിക്കു ന്നതിന്റെ പിന്നിലൊരു രഹസ്യമുണ്ട്.  മറ്റൊന്നുമല്ല, കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ആളുകൾക്ക് മരുന്നുകൾ ലഭിക്കുന്നുണ്ട്, ആശുപത്രികളിൽനിന്ന് ആളുകൾക്ക് സൗജന്യമരുന്ന് ലഭിക്കുന്നില്ലെങ്കിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ആർ. എസ്. ബി. വൈ കാർഡുവഴി പുറത്തുപോയി മരുന്നുവാങ്ങിയാലും അവർക്ക് പണം ചെലവഴിക്കേണ്ടി വരുന്നില്ല. മെഡി ക്കൽ സർവ്വീസസ് കോർപ്പറേഷനുകളിലെ ഗോഡൗണുകളിലോ ഫാർമസി സ്റ്റുകളുടെപക്കലോ മരുന്നില്ലെങ്കിൽ പോലും രോഗികൾ പരാതിപ്പെടാതിരി ക്കുന്നതിന്റെ പ്രധാന കാരണങ്ങൾ ഇതൊക്കെയാണ്. നമ്മുടെ സംസ്ഥാ നത്തെ രോഗികൾക്കാവശ്യമായ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യാൻ ഉത്തരവാദിത്തപ്പെട്ട മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇതൊന്നും ചെയ്യുന്നില്ല,  ആവശ്യമില്ലാത്ത മരുന്നുകൾ വാങ്ങിവയ്ക്കുക യാണ്.  ഷുഗറിന് ഉപയോഗിക്കുന്ന മെറ്റാഫോർമിൻ എന്ന മരുന്ന് പരിശോധി ക്കാൻ ഞാൻ മന്ത്രിയോട് ആവശ്യപ്പെടുകയാണ്.  ഷുഗറിന് വേണ്ടി ഏറ്റവും അധികം ആളുകൾ ഉപയോഗിക്കുന്ന ഈ മരുന്ന് കൈകൊണ്ട് തിരുമ്മിയാൽ പൊടിഞ്ഞുപോകും.  ക്വാളിറ്റി കൺട്രോൾ ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നു, ഏത് ക്വാളിറ്റി കൺട്രോളിന്റെ അടിസ്ഥാനത്തിലാണ് മരുന്നുകൾ

വാങ്ങിക്കൊണ്ടിരിക്കുന്നത്? ഞാൻ പല ഫാർമസിസ്റ്റുമാരുമായി സംസാരിച്ചു. ആവശ്യമുള്ള മരുന്നുകൾ ലഭിക്കുന്നില്ല, ആവശ്യമില്ലാത്ത മരുന്നുകൾ ധാരാളം ലഭിക്കുന്നു എന്നാണ് അവർ പറഞ്ഞത്. കെടുകാര്യസ്ഥതയാണ് ഇതിനുകാരണം. മരുന്ന് പർച്ചേസ് എന്ന് പറയുന്നത് സാങ്കേതികമായി വള രെയധികം സങ്കീർണ്ണത നിറഞ്ഞൊരു കാര്യമാണ്. കാരണം ഓരോ മരുന്നും വ്യത്യസ്തമായ സ്ട്രെങ്ത്തുകളിലുള്ളവയാണ്. ഏകദേശം ആയിരത്തോളം മരുന്നുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്നത്. ആ മരുന്നുകൾതന്നെ വ്യത്യസ്തമായ സ്ട്രെങ്ത്തുകളിൽ, വ്യത്യസ്തമായ മോഡ്യൂളുകളിലുള്ള മരുന്നുകളാണ്. അപ്രകാരമുള്ള മരുന്നുകൾ വാങ്ങാൻ ഇവിടെ എന്തെങ്കിലും സംവിധാനമുണ്ടോ? ഐ.എഫ്.എസ് പാസ്സായ ഒരു ഫോറസ്റ്റ് ഓഫീസറാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ. കാട്ടിലെ കാര്യങ്ങൾ മാത്രം കൈകാര്യം ചെയ്യാൻ വിദഗ്ധനമായ ഒരാളെ ഇതിന്റെ മാനേജിംഗ് ഡയറക്ടറാക്കിയത് ആർക്ക് വേണ്ടിയാണ്? അതിനുപുറമേ, പർച്ചേസുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം നോക്കുന്നത് ഒരു ജനറൽ മാനേജരാണ്. ഞാൻ ആ ഉദ്യോഗസ്ഥന്റെ പേരു പറഞ്ഞ് വ്യക്തിപരമായി അധിക്ഷേപിക്കുന്നില്ല. ഇലക്ട്രിസിറ്റി ബോർഡിലെ പർച്ചേസ് വിഭാഗത്തിൽ നിന്നും റിട്ടയർ ചെയ്ത ഒരു ഉദ്യോഗസ്ഥനാണ് ജനറൽ മാനേജർ. ഇലക്ട്രിസിറ്റി ബോർഡിന് കമ്പിയും ട്രാൻസ്ഫോർമറു കളും വാങ്ങി പരിചയമുള്ള ഒരാളെ ആരുടെ താൽപ്പര്യത്തിന് വേണ്ടിയാണ് ഇവിടെ നിയമിച്ചിരിക്കുന്നത്; ഇലക്ട്രിസിറ്റി ബോർഡിലെ കമ്പി വാങ്ങുന്നതു പോലെയാണോ മരുന്നു വാങ്ങുന്നത്; പാരസെറ്റാമോൾ ഗുളികയില്ലായെന്ന് പറയുമ്പോൾ വേറെവല്ല മരുന്നുകളും ഉപയോഗിച്ചുകൂടെ എന്ന് ചോദിക്കുന്ന ജനറൽ മാനേജരെ എന്തിനാണ് നിയമിച്ചിരിക്കുന്നത്? ജനറൽ മാനേജരും

ഇതിനെക്കുറിച്ച് യാതൊരു ഗ്രാഹ്യവുമില്ലാത്ത മാനേജിംഗ് ഡയറക്ടറും മൂന്നുനാല് ഉദ്യോഗസ്ഥരും ചേർന്ന് മരുന്നു കമ്പനികളുടെ താൽപ്പര്യത്തിനനുസരിച്ച് ആവശ്യമില്ലാത്ത മരുന്നുകൾ വാങ്ങിക്കൂട്ടി. ആവശ്യമുള്ള മരുന്നുകൾ വാങ്ങാതെ എക്സ്പയറി ഡേറ്റ് കഴിയാറായ മരുന്നുകൾ വാങ്ങിക്കൂട്ടി നമ്മുടെ ഗോഡൗണുകൾ നിറച്ചുവച്ചിരിക്കുകയാണ്. ഹെൽത്ത് സെന്ററുകളിൽ നൂറുകണക്കിന് കോടി രൂപയുടെ മരുന്നുകൾ കത്തിച്ചു കളയുകയാണ്. ആശുപത്രികളിലും ഹെൽത്ത് സെന്ററുകളിലും അവർക്ക് ആവശ്യമില്ലാത്ത മരുന്നു കൊടുത്താൽ അവർ പിന്നെ എന്ത് ചെയ്യും? ആവശ്യമുള്ള മരുന്നുകൾ അവർക്ക് ലഭിക്കുന്നില്ല, ആവശ്യമില്ലാത്ത കോടിക്കണക്കിന് രൂപയുടെ മരുന്നുകൾ അവിടെ കൊണ്ടുചെന്നെത്തിക്കുകയാണ്. ഞാൻ ഭരണകക്ഷിയിലെ എം.എൽ.എ മാരോട് ചോദിക്കുകയാണ്, നിങ്ങളുടെ മണ്ഡലത്തിലെ ആശുപത്രിയിൽപ്പോയി നോക്കൂ, അവിടെയും ആവശ്യമില്ലാത്ത മരുന്നുകൾ കുന്നുകൂടിക്കിടക്കുകയില്ലേ? മുഖ്യമന്ത്രികൂടി ശ്രദ്ധിക്കേണ്ട കാര്യമാണ്, സാധാരണക്കാരായ ആളുകൾക്ക് മരുന്ന് ലഭിക്കാത്ത ഒരു വിഷയത്തെ സംബന്ധിച്ചാണ് അടിയന്തരപ്രമേയം. ഓപ്പറേഷൻ തീയേറ്ററുകളിൽ ഉപയോഗിക്കുന്ന സ്യൂച്ചേഴ്സ് **(sutures)** പോലും യാതൊരു ഗുണനിലവാരവുമില്ലാത്തവയാണ്. അതിസൂക്ഷ്മമായ സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തുന്ന ഹൃദയ ശസ്ത്രക്രിയയ്ക്ക് പോലും ഉപയോഗിക്കുന്ന സ്യൂച്ചേഴ്സ് പോലും ആവശ്യത്തിന് വാങ്ങുന്നതിനുപകരം അനാവശ്യമായ സാധനങ്ങൾ വാങ്ങിക്കൂട്ടുകയല്ലേ ചെയ്യുന്നത്? ഇത് ഉപയോഗിച്ച് ഓപ്പറേഷൻ നടത്തിയാൽ രോഗി മരിച്ചുപോകുമെന്ന് പല ഡോക്ടർമാരും പറയുന്നു. അതിന്റെ ഉത്തരവാദിത്തം ഡോക്ടർമാരുടെ തലയിൽ വരും, മെഡി

ക്കൽ സർവ്വീസസ് കോർപ്പറേഷന് യാതൊരു ഉത്തരവാദിത്തവും ഉണ്ടാകുകയില്ല. അതുകൊണ്ട് ഡോക്ടർമാർ പുറത്തേയ്ക്ക് മരുന്ന് എഴുതി വിടുന്നു.

പുറത്തേക്ക് മരുന്നെഴുതുമ്പോൾ അവർ മിക്കവാറും ആർ.എസ്.ബി. വൈ. കാർഡുള്ളവരോ അല്ലെങ്കിൽ മാണി സാറിന്റെ കാരുണ്യ ബെനവലന്റ് ഫണ്ട് കിട്ടുന്നവരോ ആയിരിക്കും. അതുകൊണ്ട് ആരും പരാതി പറയില്ല. പക്ഷെ ഇവിടെ വാങ്ങിക്കൂട്ടുന്ന മരുന്നുകൾ ആർക്കുവേണ്ടിയാണ്; ഇത് ഏതെങ്കിലും വിദഗ്ധ സമിതി പരിശോധിക്കുന്നുണ്ടോ? ഇതുമായി ബന്ധപ്പെട്ട് ഇവിടെ DDMS (Distribution Drug Management System) എന്നുപറയുന്ന ഒരു സംവിധാനമുണ്ടായിരുന്നു. അത് തമിഴ്നാട് മോഡൽ സംവിധാനമാണ്. ആ സിസ്റ്റം മാറ്റി മുൻ എം.ഡി. ശ്രീ. ഷാജി പ്രഭാകർ TASK എന്നുപറയുന്ന ഒരു സിസ്റ്റം കൊണ്ടുവന്നു. അതിൽ ധാരാളം അപാകതകൾ കണ്ടേക്കാം. പക്ഷെ, ആ സിസ്റ്റം അനുസരിച്ച് ആളുകളുടെയെല്ലാംതന്നെ ഇൻഡന്റ് ചോദിച്ചു. ആ സിസ്റ്റത്തിൽ മരുന്നിന്റെ ആവശ്യകത മുതൽ ക്വാളിറ്റി കൺട്രോൾ വരെയുള്ള എല്ലാ കാര്യങ്ങളും കേന്ദ്രീകൃതമായ ഒരു സോഫ്റ്റ്വെയറിൽ കൊണ്ടുവരുന്ന സംവിധാനമുണ്ടായിരുന്നു. ആ സംവിധാനപ്രകാരം മരുന്ന് ഇൻഡന്റ് ചെയ്യാൻ ആവശ്യപ്പെട്ടു. അതിനായി നാല് ദിവസമാണ് ഓരോ ആശുപത്രികൾക്കും കൊടുത്തത്. നാലുദിവസംകൊണ്ട് ആദ്യം 900 മരുന്നുകളുടെ ലിസ്റ്റ് കൊടുത്തു. പിന്നീട് അതിൽനിന്നും 126 മരുന്നുകൾ നീക്കം ചെയ്തിരിക്കുന്നുവെന്നും 600-ഓളം മരുന്നുകളുടെ ലിസ്റ്റ് ഉടനെ നൽകണമെന്നും പറഞ്ഞ് സർക്കുലർ വന്നു. ഒരു ആശുപത്രിയിൽ കഴിഞ്ഞ ഒരു വർഷം ഉപയോഗിച്ച മരുന്നുകളെത്രയാണെന്നും അതിന്റെ ആവശ്യകത എത്രയാണെന്നുമുള്ള കണക്ക് നാല് ദിവസംകൊണ്ട് എങ്ങനെ

യാണ് കൊടുക്കാൻ കഴിയുക? അങ്ങനെ ആ സിസ്റ്റം തകരാറിലായി. ക്വാളിറ്റി കൺട്രോൾ അടക്കമുള്ള സംവിധാനമുള്ള, പുതിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുകൊണ്ടുള്ള സിസ്റ്റം തകരാറിലാക്കിയത് മരുന്ന് കമ്പനികളുടെ താൽപ്പര്യാർത്ഥം ഗുണനിലവാരമില്ലാത്ത മരുന്നുകൾ വാങ്ങിക്കൂട്ടുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സൗകര്യമൊരുക്കിക്കൊടുക്കുന്നതിനുവേണ്ടിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 20 കോടി രൂപയുടെ മരുന്ന് കാണാനില്ലെന്ന് സി. & എ.ജി.-യുടെ റിപ്പോർട്ടുണ്ട്. ഇന്നലെ ശ്രീ. ജെയിംസ് മാത്യുവിന്റെ ചോദ്യത്തിന് ലഭിച്ച മറുപടിയിൽ, മരുന്ന് വാങ്ങലുമായി ബന്ധപ്പെട്ടുകൊണ്ട് അഞ്ച് കോടി രൂപയുടെ അഴിമതി നടന്നിരിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. റിപ്പോർട്ട് വന്നിട്ട് ഇപ്പോൾ ഒരു മാസമായില്ലേ; എന്തുനടപടി സ്വീകരിച്ചു? മന്ത്രിയുമായി ബന്ധമുള്ള ആയിരത്തോളം പേരെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ജോലിക്ക് വച്ചിരിക്കുകയാണ്. അതിൽ പലരും തിരുവനന്തപുരത്തുകാരാണ്, അവരാണ് ഭരിക്കുന്നത്. കാരുണ്യ ഫാർമസിക്കുവേണ്ടി മരുന്ന് വാങ്ങുന്നത് ടെണ്ടർ അനുസരിച്ചല്ല, പകരം കമ്പനികളുമായി നെഗോഷ്യേറ്റ് ചെയ്താണ്. മരുന്ന് വാങ്ങുന്നവർക്ക് അറിയാം, ഒരു കമ്പനിയുടെ 100 ആംപ്യൂൾ മരുന്ന് വാങ്ങിക്കഴിഞ്ഞാൽ അത്രയുംതന്നെ ഫ്രീ കിട്ടുന്ന മരുന്നുകളുണ്ട്. അങ്ങനെയുള്ള പല negotiation-നുകളും നടത്തി നൂറുകണക്കിന് കോടി രൂപയുടെ മരുന്ന് വാങ്ങുമ്പോൾ അതിലെല്ലാം കോടിക്കണക്കിന് രൂപയുടെ അഴിമതി നടക്കുന്നുണ്ട്. അതിനെല്ലാം പര്യാപ്തമായ ഒരു നാലംഗ ഗൂഢസംഘത്തെ ഈ കാരുണ്യ ഫാർമസിക്കുവേണ്ടി മരുന്നുവാങ്ങാൻ മന്ത്രി നിയോഗിച്ചിരിക്കുകയാണ്. 6000 കോടി രൂപയുടെ മരുന്ന് യഥാസമയം വാങ്ങി വിതരണം ചെയ്യാൻ കഴി

ഞ്ഞാൽ നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട രോഗികൾക്ക് പുറത്തുപോയി മരുന്ന് വാങ്ങേണ്ട ആവശ്യമില്ല. എന്നാൽ ആ സിസ്റ്റം തകിടം മറിച്ചിരിക്കുക യാണ്. 6000 കോടി രൂപയുടെ മരുന്ന് വാങ്ങുന്നുണ്ട്. പക്ഷെ, അത് ആവശ്യ മുള്ള മരുന്നുകളല്ല. അങ്ങനെ അനാവശ്യമായി വാങ്ങിക്കൂട്ടിയ മരുന്നുകൾ കത്തിച്ചുകളയുകയും ഗോഡൗണുകളിൽ വെറുതെ വച്ചിരിക്കുകയും ചെയ്യുന്നു. ഇലക്ട്രിസിറ്റി ഓഫീസിൽ കമ്പികളും ട്രാൻസ്ഫോർമറും കെട്ടി ക്കിടക്കുന്നതുപോലെ നമ്മുടെ വെയർ ഹൗസിംഗ് കോർപ്പറേഷനുകളുടെ ഗോഡൗണുകളിൽ ആവശ്യമില്ലാത്ത മരുന്നുകൾ മരിച്ചുകിടക്കുകയാണ്. ആ മരുന്നുകളെല്ലാം കത്തിച്ചുകളയുന്നു, പാവപ്പെട്ട രോഗികൾക്ക് കിട്ടേണ്ട മരു ന്നുകൾ കിട്ടാതെ പോകുന്നു. 2008-ൽ സംസ്ഥാനത്തെ എല്ലാ ആശുപത്രിക ളിലും യഥാസമയം ഗുണനിലവാരമുള്ള മരുന്ന് എത്തിക്കാൻവേണ്ടി രൂപീക രിക്കപ്പെട്ട മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ കെടുകാര്യസ്ഥത കൊണ്ടും അഴിമതികൊണ്ടും അട്ടിമറിച്ച് നൂറുകണക്കിന് കോടി രൂപയുടെ അഴിമതി നടത്താൻ ഗവൺമെന്റും മന്ത്രിയും കൂട്ടുനിൽക്കുകയാണ്. ജനറിക് മരുന്നുകളെപ്പറ്റി ഒരു കാര്യം കൂടി പറയാം, ഞാൻ ഇവിടെ സബ്മിഷൻ അവ തരിപ്പിച്ചപ്പോൾ പറഞ്ഞതാണ്. ജനറിക് മരുന്നുകൾ എഴുതാൻ ഡോക്ടർമാർ എന്തുകൊണ്ട് തയ്യാറാകുന്നില്ല? നമ്മുടെ മെഡിക്കൽ എഥിക്സ് അനുസരിച്ച്, മെഡിക്കൽ കൗൺസിൽ സ്റ്റാറ്റ്യൂട്ടറിയായി നിഷ്ക്കർഷിക്കുന്നത്......, ഒരു ഡോക്ടറെ പഠിപ്പിക്കുമ്പോൾ ജനറിക് നെയിമാണ് പഠിപ്പിക്കുന്നത്. ബ്രാൻഡ് നെയിം ഒരിക്കലും പഠിപ്പിക്കാറില്ല. ബ്രാൻഡ് നെയിം പഠിപ്പിക്കുന്നത് കമ്പനി കളാണ്. ഡോക്ടർമാർ ജനറിക് നെയിമിലല്ലാതെ മരുന്ന് എഴുതാൻ പാടി ല്ലെന്ന കോഡ് ഓഫ് മെഡിക്കൽ എഥിക്സ് നിലനിൽക്കെ അത് നടപ്പാക്കാൻ

ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. രാജസ്ഥാൻ, ഹരിയാന പോലെയുള്ള സംസ്ഥാനങ്ങളിൽ അത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇന്ത്യയൊഴികെ ഒരു രാജ്യത്തും ഒരു രോഗിക്കും ബ്രാൻഡ് നെയിമിൽ മരുന്നെഴുതാൻ പാടില്ല. ഇവിടത്തെ ഡോക്ടർമാരെല്ലാം ബ്രാൻഡ് നെയിമിലാണ് മരുന്നെഴുതുന്നത്. ആ ഡോക്ടർമാരുടെ സാമ്പത്തിക താൽപ്പര്യംകൂടി കണക്കിലെടുത്തുകൊണ്ടാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അട്ടിമറിക്കുന്നത്. കാരണം, പുറത്തേക്ക് മരുന്നെഴുതിയാലേ ഡോക്ടർമാർക്ക് കമ്മീഷൻ കിട്ടൂ. അത്തരത്തിൽ സാമ്പത്തിക ലാഭം ആഗ്രഹിക്കുന്ന വലിയൊരു ലോബി നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുകയാണ്. ആ ലോബികളെ തകർക്കുന്നതിനുവേണ്ടി രൂപീകരിച്ച ഈ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ കെടുകാര്യസ്ഥതകൊണ്ടും അഴിമതികൊണ്ടും ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടാണെന്ന് വരുത്തിത്തീർത്തുകൊണ്ടും തകർക്കാൻവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമം ഗവൺമെന്റ് സ്പോൺസർഷിപ്പിൽ നടക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ രോഗികളെയും സാധാരണക്കാരെയും ബാധിക്കുന്ന വളരെ ഗുരുതരമായ ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടത് പ്രതിപക്ഷത്തിന്റെ മാത്രം ആവശ്യമല്ല. ഈ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യമാണ്. ഞങ്ങൾ ഒരിക്കലും ഈ കോർപ്പറേഷന് എതിരല്ല. കോർപ്പറേഷൻ നന്നായി നടക്കണം, ആളുകൾക്ക് മരുന്ന് കിട്ടണം, അഴിമതി തടയണം എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പക്ഷെ, മന്ത്രി അതിനൊന്നും കൂട്ടാക്കാതെ വളരെ ലാഘവത്തോടുകൂടി ഒന്നുമറിയാത്തവനെപ്പോലെ ഇരിക്കുകയാണ്. എന്നാൽ മന്ത്രിക്ക് എല്ലാമറിയാം, ഈ നടക്കുന്ന കാര്യങ്ങളെല്ലാം മന്ത്രിക്കറിയാം. വളരെ ഗൗരവമായ ഈ വിഷയം

സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് വളരെ വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ, സാധാരണ ഗതിയിൽ ഒരു പ്രസംഗത്തിന്റെ ഇടയിൽ ഏതെങ്കിലും കാര്യങ്ങളിന്മേൽ, അടിയന്തര പ്രമേയമാണെങ്കിലും അല്ലെങ്കിലും, ആരോപണമുന്നയിക്കാനുണ്ടെങ്കിൽ അതിന് മന്ത്രിക്ക് മറുപടി പറയുന്നതിനുവേണ്ടി നേരത്തേ എഴുതിത്തരേണ്ടതാണ്. ഇവിടെ അങ്ങ് ഒരു അഴിമതി ആരോപണം നടത്തി. വളരെ സ്പെസിഫിക്കായി പറയാത്തതുകൊണ്ട് ഞാൻ ഇടപെട്ടില്ല എന്നുമാത്രമേയുള്ളൂ. ഇതൊന്നും ശരിയായ കീഴ്വഴക്കമല്ല എന്നുമാത്രം ഞാൻ പറയുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഏറ്റവും ഫലപ്രദമായിട്ടുള്ള മരുന്ന് വിതരണ സമ്പ്രദായമാണ് ഇന്ന് കേരളത്തിൽ നടക്കുന്നത്. ഇവിടെ ശ്രീ. വി. എസ്. സുനിൽ കുമാർ ചൂണ്ടിക്കാണിച്ചത് 600 കോടി രൂപയുടെ മരുന്ന് വാങ്ങുന്നു എന്നുള്ളതാണ്. കഴിഞ്ഞ വർഷം കാരുണ്യ സ്കീം വഴി വാങ്ങുന്ന 60 കോടി രൂപയുടെ മരുന്നുകൾ ഉൾപ്പടെ 290 കോടി രൂപയുടെ ജനറിക് മരുന്നുകൾ വാങ്ങുന്നതിനുവേണ്ടിയാണ് ഓർഡർ കൊടുത്തത്. 250 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്. 290 കോടി രൂപയുടെ മരുന്ന് വാങ്ങുന്നതിനുവേണ്ടിയുള്ള നടപടിയാണ് ഈ നടപ്പുസാമ്പത്തിക വർഷത്തിൽ സ്വീകരിച്ചിട്ടുള്ളത്. മരുന്ന് വാങ്ങുന്നതിന് കാലതാമസമുണ്ടായതായി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ

ജനറിക് മരുന്നുകൾ കൊടുക്കണമെന്ന ഉദ്ദേശ്യത്തോടെ കഴിഞ്ഞ വർഷം ഇന്ത്യയിലാദ്യമായി, കേരള സംസ്ഥാനത്ത് ജനറിക് മരുന്നുകൾ വിതരണം ചെയ്യാൻ തീരുമാനിച്ചു. ആദ്യഘട്ടം കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിലും മൂന്ന് ജനറൽ ഹോസ്പിറ്റലുകളിലും ആരംഭിച്ചു. ഇക്കഴിഞ്ഞ ഒക്ടോബർ മാസം 2–ാം തീയതി മുതൽ കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുകളിൽ വരെ മരുന്നുകൾ കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചു. ഇതുവരെ കാര്യമായിട്ടുള്ള പരാതി ഒരു സ്ഥലത്തുനിന്നുമുണ്ടായിട്ടില്ല. പരാതികളുണ്ടായാൽ അപ്പോൾത്തന്നെ ഇടപെടുന്നുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ മരുന്നുകൾ ആവശ്യത്തിനുണ്ട്. ഇൻഡന്റ് കൊടുത്ത് മരുന്ന് എടുക്കുന്നതിനുണ്ടാകുന്ന കാലതാമസം കാരണമാണ് പലപ്പോഴും പരാതികളുണ്ടാകുന്നത്. ശ്രീ. വി. എസ്. സുനിൽ കുമാർ അടക്കമുള്ള ആളുകൾ പലപ്പോഴും തൃശ്ശൂരിലെ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് എന്നെ വിളിച്ചിട്ടുണ്ട്. അപ്പോൾത്തന്നെ ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതൊരു വലിയ സംരംഭമാണ്. പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ ജനറിക് മരുന്നുകൾ വിതരണം ചെയ്ത സമയത്തുതന്നെ ഇതൊരു ആരംഭ ദിശയിലുള്ള പ്രവർത്തനമാണെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നതാണ്. അവശ്യ മരുന്നുകളുടെ ആവശ്യം എത്രത്തോളമുണ്ടെന്നുള്ളത് പ്രായോഗിക തലത്തിൽ ഇംപ്ലിമെന്റ് ചെയ്താൽ മാത്രമേ മനസ്സിലാകുകയുള്ളൂവെന്ന് അന്നുതന്നെ പറഞ്ഞിരുന്നതാണ്. ആദ്യഘട്ടത്തിൽ നമ്മളിത് നടപ്പിലാക്കി. അതിനുശേഷം ഈ വർഷം വളരെ ഫലപ്രദമായ രീതിയിൽ ഇൻഡന്റ് തയ്യാറാക്കുന്നതിനുവേണ്ടി

യുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. അത് പുനർനിർണ്ണയം ചെയ്യുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. ആ കമ്മിറ്റി അതിനുവേണ്ടുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം ഇൻഡന്റ് കൊടുത്തതിനേക്കാൾ പത്ത് ദിവസം താമസിച്ചാണ് ഇപ്രാവശ്യം ഇൻഡന്റ് നൽകിയത്. പക്ഷെ ഇപ്രാവശ്യം അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു, ഇന്ന് അതിന്റെ ടെണ്ടർ വിളിക്കുകയാണ്. കഴിഞ്ഞ വർഷം മേയ് മാസത്തിലാണ് നമുക്ക് സാധനങ്ങൾ ലഭ്യമായിത്തുടങ്ങിയതെങ്കിൽ ഇപ്രാവശ്യം മാർച്ച് മാസത്തിൽത്തന്നെ സാധനങ്ങൾ ലഭ്യമാകുന്നതിനുവേണ്ടിയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഏറ്റവും ഫലപ്രദമായ രീതിയിൽ ഓരോ ജില്ലകളിലും...., ആദ്യത്തെ ഘട്ടം നടപ്പിലാക്കിയപ്പോൾ മരുന്നിന്റെ ആവശ്യകത നമുക്ക് ബോധ്യപ്പെടാത്തതിനാൽ ചില അപാകതകളുണ്ടായിട്ടുണ്ട്. ഇപ്രാവശ്യം, എല്ലാ ആശുപത്രികളിലെയും ഫാർമസിസ്റ്റിനെയും സ്റ്റോർ സൂപ്രണ്ടിനെയും വിളിച്ച് ജില്ലാ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പ് നടത്തി അവിടത്തെ ആവശ്യകത ബോധ്യപ്പെടുത്തി. അതുകഴിഞ്ഞ് എല്ലാ ആശുപത്രികളിലെയും ഡി.എം.ഒ.-മാർക്ക് റിപ്പോർട്ട് കൊടുക്കുകയും കമ്മിറ്റി വച്ച് പരിശോധിക്കുകയും ചെയ്തു. അതിനുശേഷം എല്ലാ ജില്ലകളിൽനിന്നുമുള്ള റിപ്പോർട്ട് ഡി.എച്ച്.എസ്.-ന് കൊടുത്തു. ഡി.എച്ച്.എസ്. വിദഗ്ധ സമിതിയെ വച്ച് പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഡി.എച്ച്.എസ്. കൊടുക്കുന്ന ലിസ്റ്റും ഡി.എം.ഒ. കൊടുക്കുന്ന ലിസ്റ്റും അനുസരിച്ച് മരുന്നുകളുടെ ലിസ്റ്റിൽത്തന്നെ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം 973 മരുന്നുകളാണ് കൊടുത്തിരുന്നതെങ്കിൽ ഇപ്രാവശ്യം 771-ഓളം മരുന്നുകളാക്കി കുറച്ചിട്ടുണ്ട്. മുമ്പ്, ഇ.ഡി.എൽ.-ൽ 518 ഐറ്റം മരുന്നുകളും

ആർ.ഡി.എൽ.-ൽ 314 ഐറ്റം മരുന്നുകളും കൂടി 832 ഐറ്റം മരുന്നുകളും ക്യാൻസറിന്റെ 107 ഐറ്റം മരുന്നുകളുമാണ് നൽകിയിരുന്നത്. ഇതിനായി പ്രത്യേകമായി ഒരു കമ്മിറ്റി കൂടി, ക്യാൻസർ സെന്ററുകളിലെയും മെഡിക്കൽ കേളേജുകളിലെയും ഓങ്കോളജി ഡിപ്പാർട്ട്മെന്റ് ഹെഡ്സ്, എറണാകുളം ജനറൽ ആശുപത്രിയിലെ ഓങ്കോളജി ഹെഡ്സ് എന്നിവരെയെല്ലാം വിളിച്ച് ചർച്ച നടത്തി ക്യാൻസർ രോഗത്തിന് ഏതെല്ലാം മരുന്നുകൾ ആവശ്യമാണെന്ന് മനസ്സിലാക്കിയശേഷം അത് 107-ൽ നിന്നും 73 ആയി കുറച്ചു. അങ്ങനെ 2014-15-ലെ കെ.എം.എസ്.സി.എൽ.-ന്റെ ഡ്രഗ് ലിസ്റ്റ് 771 ആയി പരിമിതപ്പെടുത്തി. കാരണം ആവശ്യമില്ലാത്ത മരുന്നുകൾ വാങ്ങേണ്ട കാര്യമില്ല. ആ ഒരു പശ്ചാത്തലത്തിൽ 771 ഐറ്റം മരുന്നുകൾ വാങ്ങുന്നതിനു വേണ്ടിയുള്ള ഇൻഡന്റ് കൊടുത്തു.

കഴിഞ്ഞ വർഷം മെയ് മാസത്തിലാണ് നമുക്ക് മരുന്നുകൾ കിട്ടിയതെങ്കിൽ ഈ പ്രാവശ്യം മാർച്ച് മാസത്തിൽത്തന്നെ ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനായി ഇന്ന് ഇ-ടെണ്ടർ കൊടുക്കുകയാണ്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം ഗുണനിലവാരത്തെക്കുറിച്ചാണ്. കേരളത്തിൽ ഡ്രഗ്സ് പരിശോധനയ്ക്കുവേണ്ടുന്ന ലബോറട്ടറികൾ കുറവാണ്. ഈ ഗവൺമെന്റ് വന്നപ്പോൾ തിരുവനന്തപുരത്ത് മാത്രമാണ് അത്തരമൊരു ലാബുണ്ടായിരുന്നത്. പിന്നീട് എറണാകുളത്ത് ഒന്നുകൂടി തുടങ്ങി. വീണ്ടും മൂന്ന് ലാബുകൾ കൂടി തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവരെ ജനറിക് മരുന്നുകൾ വാങ്ങുമ്പോൾ മാനുഫാക്ചറേഴ്സിന്റെ ലാബുകളിലാണ് പരിശോധന നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനം, ഓരോ ബാച്ച് മരുന്നുകൾ സപ്ലൈ ചെയ്യുമ്പോഴും എൻ.

എ.ബി.എൽ. അക്രെഡിറ്റഡ് എം–പാനൽഡ് ലാബുകളിൽ പരിശോധിച്ച്, അവരുടെ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രമേ കെ.എം.സി.എൽ.–ന് മരുന്ന് സപ്ലൈ ചെയ്യാൻ കഴിയുകയുള്ളൂ. ഗുണനിലവാരം പരിശോധിക്കുന്നതിന് ഡ്രഗ്സ് കൺട്രോളറുടെ നേതൃത്വത്തിൽ എല്ലാ സ്ഥലങ്ങളിലും റാണ്ടം ചെക്കിംഗ് നടത്തുന്നുണ്ട്. ഇങ്ങനെ ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്ത്, ഏറ്റവും കർശനമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ആവശ്യമില്ലാത്ത മരുന്നുകൾ വാങ്ങാതിരിക്കുന്നതിനായി ഡ്രഗ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മരുന്ന് കത്തിക്കുന്നതിനെക്കുറിച്ച് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ഈ ഗവൺമെന്റിന്റെ കാലത്ത് ചെയ്തതല്ല. 2007–ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകരിച്ചപ്പോൾ അന്ന് ഡി.എച്ച്.എസ്–മായി ബന്ധപ്പെട്ടുണ്ടായിരുന്ന ഗോഡൗണിൽ വളരെയധികം മരുന്നുകൾ ഉണ്ടായിരുന്നു. ആ മരുന്നു മുഴുവൻ ഈ കെ.എം.സി.എൽ.ലേയ്ക്ക് വന്നു. 2007 മുതലുള്ള ആവശ്യമില്ലാത്ത, കാലാവധി കഴിഞ്ഞ മരുന്നുകൾ എന്തുചെയ്യണമെന്നതിനെക്കുറിച്ച് തീരുമാനിക്കുവാൻ 2010–ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയാണ് ഈ മരുന്നുകൾ മുഴുവൻ കത്തിക്കുന്നതിന് തീരുമാനം എടുത്തത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ 'ഇമേജ്' എന്ന സംഘടന വഴി ആവശ്യമില്ലാത്ത മരുന്നുകൾ നശിപ്പിച്ചത്. കാര്യങ്ങൾ മനസ്സിലാക്കാതെ വെറുതെ എന്തെങ്കിലും പറയാൻ വേണ്ടി പറഞ്ഞിട്ടുകാര്യമില്ല. മരുന്നുകൾ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നുവെന്ന് പറഞ്ഞത് ശരിയാണ്. ജനറിക് മരുന്ന് എന്നു പറയുന്നത് വലിയ സമഗ്രപദ്ധതിയാണ്. ആ മരുന്നുകൾ വാങ്ങി സൂക്ഷിക്കണം. അതി

നായി അഞ്ച് ഗോഡൗണുകൾ മാത്രമേയുള്ളു. മരുന്ന് വാങ്ങി സൂക്ഷിക്കുന്നതിന് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എടുത്ത തീരുമാനം ഇപ്പോൾ ഇംപ്ലിമെന്റ് ചെയ്തെന്നേയുള്ളു. അതുപോലെതന്നെ, ഒരു സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഡി.ഡി.എം.എസ്. സോഫ്റ്റ്വെയറാണ് നേരത്തെ ഇവിടെ ഉപയോഗിച്ചിരുന്നത്. അതൊരു സിങ്കിംഗ് സംവിധാനം ഉള്ളതാണ്. അതിന് കൂടുതൽ ടൈം എടുക്കുമെന്നുള്ളതുകൊണ്ട് ടാസ്ക് എന്ന് പറയുന്ന ഓൺ ലൈൻ സോഫ്റ്റ്വെയർ കൊണ്ടുവന്നു. 1300 ഓളം സ്ഥാപനങ്ങൾ ഇൻഡന്റ് ചെയ്യുന്നതിനായി ശ്രമിച്ചപ്പോൾ ഈ വർഷവും ആ സിസ്റ്റം ബ്ലോക്കായി, അത് ശരിയാക്കുന്നതിന് അവർക്ക് ആവശ്യമായ സമയം കൊടുത്തു. ഈ പ്രാവശ്യം മാനുവലായി ചെയ്തതുകൊണ്ട് ഇൻഡന്റ് സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ ഫങ്ഷണൽ ആഡിറ്റിംഗ് നടത്തിയിട്ടില്ല എന്നുള്ളതാണ് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. അതിനുവേണ്ടുന്ന നടപടിക്രമങ്ങൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെ കാരുണ്യ ഫാമർമസിയിലേയ്ക്ക് മരുന്നുകൾ നെഗോഷ്യേറ്റ് ചെയ്ത് വാങ്ങുന്നു എന്ന് അദ്ദേഹം ഇവിടെ പറഞ്ഞു, അതങ്ങനെയേ വാങ്ങാൻ കഴിയൂ. ജനറിക് മരുന്നുകൾ എന്ന് പറയുന്നത് കമ്പനികളിൽ നിന്ന് ടെണ്ടർ ചെയ്ത് വാങ്ങാം. ഏകദേശം 8500 മരുന്നുകൾ കാരുണ്യ ഫാർമസികൾ വഴി നമ്മൾ വിതരണം ചെയ്യുന്നുണ്ട്. കാരുണ്യ ഫാർമസികൾ വഴി 10% മുതൽ 93% വരെ വിലകുറച്ച് മരുന്നുകൾ കൊടുക്കുന്നുണ്ട്. ഈ മരുന്നുകൾ വാങ്ങുന്നതിനായി ഒരു പർച്ചേസ് കമ്മിറ്റിയെ വച്ചിട്ടുണ്ട്. പർച്ചേസ് കമ്മിറ്റി കമ്പനികളുമായി നെഗോഷ്യേഷൻ നടത്തി ഇടനിലക്കാരെ ഒഴിവാക്കി മരുന്ന്

വാങ്ങുകയാണ് ചെയ്യുന്നത്. അതിനാവശ്യമായ നടപടികൾ കഴിഞ്ഞ കുറേ ക്കാലമായി നടന്നുകൊണ്ടിരിക്കുകയാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പ റേഷനിൽ ഞാൻ മന്ത്രിയായി വന്നതിനുശേഷം പുതിയതായി ആരെയും വച്ചിട്ടില്ല. അവിടെ എം. ഡി. ആയിരുന്നയാൾ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടറായി പോയ സാഹചര്യത്തിൽ ജോയിന്റ് എം. ഡി.യെ എം.ഡി. ആക്കുകയാണുണ്ടായത്. അവിടെയുള്ളവരെല്ലാം കഴിഞ്ഞ കാലഘട്ടങ്ങളിൽ ഇരുന്നയാളുകൾതന്നെയാണ്. സുതാര്യമായ നടപടിക്ര മങ്ങളുമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി ഏറ്റവും ശക്തമായി ട്ടുള്ള നടപടികൾ സ്വീകരിക്കും. ഇൻഡ്യയിൽ ഏറ്റവും ഭംഗിയായി മരുന്ന് സംഭരണം നടത്തുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കെ.എം. എസ്.സി.എൽ. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഏറ്റവും നല്ല പൊതുമേഖലാ സ്ഥാപനമായി കെ.എം.എസ്.സി.എൽ.–നെ തെരഞ്ഞെടു ത്തത് അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തിയാണ്, പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളിൽ അപാകതകൾ ഉണ്ടായാൽ, അത് ചൂണ്ടിക്കാണിച്ചാൽ തീർച്ചയായും പരിശോധിക്കുന്നതിനും പരിഹരിക്കുന്ന തിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കും, യാതൊരു സംശയവുമില്ല. മരുന്നില്ലായെന്നുള്ള പരാതി ഉണ്ടാകാത്തത് ഇന്നയിന്ന കാരണങ്ങൾ കൊണ്ടാ ണെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞു. മരുന്നുകൾ എല്ലാ സ്ഥല ങ്ങളിലും കിട്ടുന്നുണ്ട്, അതുകൊണ്ടാണ് പരാതി ഉണ്ടാകാത്തത്. അതു പോലെതന്നെ ഗവൺമെന്റിന്റെ വിവിധ പദ്ധതികളായ കാരുണ്യ ബെനവലന്റ് ഫണ്ട്, ആർ.എസ്.ബി.വൈ.സ്കീം, ജെ.എസ്.എസ്.കെ. പദ്ധതി, അമ്മയും കുഞ്ഞും പദ്ധതി തുടങ്ങിയ പല സ്കീമുകളിലൂടെ ആളുകൾക്ക് മരുന്ന് എത്തിക്കുന്നതിനായി നിരവധി പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്.

അതിന് പുറമെയാണ് പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ ജനറിക് മരുന്നുകൾ കൊടുക്കുന്നത്. പരാതിയുണ്ടായാൽ ആ പരാതി പരിഹരിക്കുന്നതിനായി ടോൾ ഫ്രീ നമ്പർ ഉണ്ട്. അതിൽ വിളിച്ചാൽ അപ്പോൾത്തന്നെ അതിനുവേണ്ട നടപടികൾ സ്വീകരിക്കും. അത്തരത്തിലുള്ള ഫലപ്രദമായിട്ടുള്ള നടപടികളാണ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകുന്നത്. അത് കൂടുതൽ ഊർജ്ജിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. അതുകൊണ്ട് ഈ കാര്യത്തിൽ സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, 2007-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വളരെ സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ചുവന്നതാണ്. എന്നാൽ ഇന്ന് എന്താണ് അതിന്റെ സ്ഥിതി? ഈ സ്ഥാപനം ഇപ്പോൾ അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. അക്കൗണ്ടന്റ് ജനറൽ നടത്തിയ ഓഡിറ്റിൽ 21 കോടിയിലധികം രൂപയുടെ മരുന്ന് കാണുന്നില്ല എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ കോടിക്കണക്കിന് രൂപയുടെ മരുന്ന് പുഴുക്കൾ തിന്നതാണോ; അതോ ഈ കോർപ്പറേഷനിലെ തന്നെ ചില പുഴുക്കൾ വിഴുങ്ങിയതാണോ? അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് വന്നിട്ട് അഞ്ച് മാസം കഴിഞ്ഞു. എന്നിട്ട് എന്തുണ്ടായി; എല്ലാം മുറപോലെ. വകുപ്പ് സെക്രട്ടറി, സ്ഥാപനം എം. ഡി. യോട് വിശദീകരണം ചോദിച്ചു. ഇക്കാര്യം

ചാനലുകളും പത്രങ്ങളും പുറത്തുവിട്ടിട്ട് മാസം നാലുകഴിഞ്ഞു. എന്നിട്ട് ഈ മന്ത്രി എന്ത് ചെയ്തു; അദ്ദേഹം ഈ റിപ്പോർട്ടിന് മുകളിൽ അടയിരിക്കുക യാണോ? അദ്ദേഹം എന്തു ചെയ്യുകയായിരുന്നു എന്ന് വ്യക്തമാക്കേണ്ടിയിരി ക്കുന്നു. കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിന് തകരാർ സംഭവിച്ചുവെന്നായിരുന്നു വിശദീകരണം. മരുന്നു വിഴുങ്ങുന്ന സോഫ്റ്റ്‌വെയർ എവിടെയാണുള്ളത്; ഈ സ്ഥാപനത്തിൽ മൂന്ന് സോഫ്റ്റ്‌വെയർ ഉണ്ട്, ഇതിൽ ഏത് സോഫ്റ്റ്‌വെയർ ആണ് മരുന്നു വിഴുങ്ങിയത്? ഈ സോഫ്റ്റ്‌വെയറിൽകൂടി ആണ് 180 കോടി രൂപ മരുന്നു കമ്പനിക്കാർക്ക് നൽകിയത്. അത് എവിടെ പ്പോയി? കമ്പനികൾക്ക് പണം നൽകിയത് സംബന്ധിച്ച് ആരോപണങ്ങൾ വന്നപ്പോൾ ഈ സോഫ്റ്റ്‌വെയർ ഇപ്പോൾ ഒഴിവാക്കിയിരിക്കുകയാണ്. 2007-ൽ തുടങ്ങിയ ഈ സ്ഥാപനത്തിൽ ഏഴ് വർഷം ആകുമ്പോഴും സ്ഥിരം ജീവനക്കാരില്ല, ഇതെന്തുകൊണ്ടാണ്? കുറെ ജീവനക്കാരെ പിരിച്ചുവിട്ട് അവിടെ പാർശ്വവർത്തികളെ തിരുകിക്കയറ്റിയിരിക്കുകയാണ്. ഇത് അഴിമി തിക്ക് വേണ്ടിയല്ലേ? ആരോഗ്യ വകുപ്പാകെ അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. പേപ്പട്ടി വിഷബാധയ്ക്കുള്ള മരുന്ന് വാങ്ങിയ തിൽപ്പോലും അഴിമതി നടന്നില്ലേ; ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ പുറത്തു വന്നിട്ട് നാളുകൾ വളരെയായി. പാവപ്പെട്ടവരുടെ ജീവൻ പന്താടുന്ന മെഡി ക്കൽ സർവ്വീസസ് കോർപ്പറേഷനിലെ അഴിമതിയും കെടുകാര്യസ്ഥതയും സംബന്ധിച്ച് ചർച്ച നടത്താൻ കൂട്ടാക്കാത്ത ഈ സർക്കാർ നടപടിയിൽ പ്രതി ഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഒരു വകുപ്പിനെ സംബന്ധിച്ചാണ് അടിയന്തര പ്രമേയം വന്നത്. വളരെ ഗുരുതരമായ ആക്ഷേപമാണ് ഈ സഭയിൽ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ടാണ്, ഗവൺമെന്റ് ഇത് പരിശോധിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. അഴിമതി വ്യക്തമായി. ഏത് രംഗത്ത്, ആര്, എന്ത് കോഴ വാങ്ങി എന്ന് ഇവിടെ പറയുന്നില്ല. എന്നാൽ നമ്മുടെ രാജ്യത്തെ മാധ്യമങ്ങൾ ഒന്നിലധികം തവണ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നടക്കുന്ന ഞെട്ടിപ്പിക്കുന്ന അഴിമതികൾ പുറത്തുകൊണ്ടുവന്നു. അത് നമുക്ക് നിഷേധിക്കാനാവില്ല. അതിനെപ്പറ്റി ഗവൺമെന്റിന് മൗനമാണ്. ഒരു മറുപടി പോലുമില്ല. എ.ജി.യെക്കാൾ വലിയൊരു അന്വേഷണ സമിതിയില്ലല്ലോ. ആ എ.ജി.യുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിന് നിങ്ങൾ യാതൊരു വിലയും കൽപ്പിക്കുന്നില്ല. ഈ ഗവൺമെന്റ് സാമ്പത്തിക തട്ടിപ്പിന്റെ ഒന്നാം സ്ഥാനത്താണെന്ന് ഈ സഭയിൽ തന്നെ വ്യക്തമാക്കിയതാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്നെ പറഞ്ഞതാണ്, കണക്കുകൾ പരിശോധിച്ചപ്പോൾ ഇന്ത്യയിലെ ഏറ്റവും കൂടുതൽ സാമ്പത്തിക തട്ടിപ്പ് നടക്കുന്നത്...... അതിലൊരു തട്ടിപ്പാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഞാനാരെയും വച്ചില്ല, നേരത്തെ ഇരുന്നവരാണെന്ന്. വനപാലകനെ ആരാണ് നിയമിച്ചത്. എൽ.ഡി.എഫിന്റെ കാലത്ത് നിയമിച്ചതാണോ? മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ വനപാലകനെ അദ്ധ്യക്ഷനാക്കി വയ്ക്കുക, ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് റിട്ടയർ ചെയ്തവരെ നിയമിക്കുക, വല്ല ഔചിത്യവുമുണ്ടോ? എന്താണ് ഇതിന്റെ ഉദ്ദേശ്യം? ആ രംഗത്ത് വൈദഗ്ദ്ധ്യവും പരിചയവും പാരമ്പര്യവും സത്യസന്ധതയും ഉള്ള ഉദ്യോഗസ്ഥൻമാരെ വേണ്ടേ ഒരു പുതിയ കോർപ്പറേഷന്റെ തലപ്പത്ത്

നിയമിക്കാൻ. 600 കോടി രൂപ വരെ ഇവിടെ അംഗീകരിക്കുന്നുണ്ടല്ലോ. കോടാനുകോടി രൂപയുടെ ട്രാൻസാക്ഷൻ നടക്കുന്ന പൊതുമേഖലാസ്ഥാപനത്തിൽ ഇന്റഗ്രിറ്റി ഇല്ലാത്ത ക്രെഡിബിലിറ്റി ഇല്ലാത്ത റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാരെ വയ്ക്കുന്നത് ആരുടെ താത്പര്യമാണ്? ഔഷധങ്ങളെക്കുറിച്ച് വരുന്ന പരാതി എന്താണ്? ബഹുമാനപ്പെട്ട മന്ത്രിയുടെ താലൂക്കിൽ തന്നെ നെയ്യാറ്റിൻകര ആശുപത്രിയിൽ മരുന്നിന്റെ ഗുണനിലവാരമില്ലാത്തതുകൊണ്ട് രോഗി മരണപ്പെട്ടില്ലേ. വലിയ വിവാദമായില്ലേ. സസ്റ്റയിൻഡായിട്ടുള്ള ഔഷധങ്ങൾ എങ്ങനെയാണ് കേരളത്തിൽ വിറ്റഴിയുന്നത്. ഇന്നും കേരളത്തിലെ ആശുപത്രിയിൽ 165 ഇനം ജനറിക് മെഡിസിൻ ഇല്ല. അത്തരം മരുന്ന് വാങ്ങാൻ ചിറ്റ് നൽകുമ്പോൾ സ്വകാര്യമേഖലയിലേക്ക് പേവുകയാണ്. ഒന്നുകിൽ ഗുണനിലവാരം പരിശോധിക്കണം. ഇല്ലെങ്കിൽ ഇതിൽ നടക്കുന്ന അഴിമതികളെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തണം. ഇതുപോലൊരു വിഷയം ഇവിടെ ചർച്ച ചെയ്യണ്ടേ? അടിയന്തര പ്രമേയത്തിന് മറുപടി മതി എന്നുവച്ചാൽ ഈ പ്രശനം തീരുമോ? അതീവ ഗുരുതര പ്രശ്നങ്ങളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഔഷധത്തിന് ഗുണനിലവാരമില്ല. കുത്തക കമ്പനികൾ ആളുകളെ പർച്ചേസ് ചെയ്യുകയാണ്. ഉദ്യോഗസ്ഥൻമാരെ ഹയർ ചെയ്യുകയാണ്. പാവപ്പെട്ട ആളുകൾക്ക് മരുന്നിന്റെ ഗുണം അറിയില്ല. എടുത്തുകൊടുക്കുന്നത് വാങ്ങിക്കൊണ്ട് പോവുകയാണ്. അതിന്റെ ഫലമായി വിഷമാണ് കഴിക്കുന്നത്. നിരോധിക്കപ്പെട്ട ഔഷധങ്ങൾ തന്നെ കേരളത്തിൽ വിറ്റഴിയുന്നു, ഇന്ത്യയിലാകെ വിറ്റഴിയുന്നു എന്ന് പല സർവ്വേകളും പുറത്തു വന്നിട്ടുണ്ട് കേരളത്തിൽ ഇതിന് ഒരു പരിഹാരം കാണാനാണ് പോതുമേഖലയിൽ ഔഷധ സംഭരണവും വിതരണവും നടത്താൻ

വേണ്ടി ഇങ്ങനെയൊരു കോർപ്പറേഷൻ രൂപീകരിച്ചത്. ആ കോർപ്പറേഷൻ ഇപ്പോൾ പലരുടെയും കറക്കു കമ്പനിയായി. അത് ശരിയാണോ? രാജ്യത്തെ ജനങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കണ്ടേ? മുൻകാല ആരോഗ്യ വകുപ്പുമന്ത്രിമാർ ഇവിടെയില്ലേ. ഇങ്ങനെയാണോ നിങ്ങൾ ചെയ്തത്? നിങ്ങൾ കൈമാറി കൈമാറി ആർക്കും ഒരു എത്തുംപിടിയുമില്ലാതെ ആരും ആൻസറബിളല്ലാതെ വരുന്നില്ലേ. അദ്ദേഹം പറയുന്നു ഞാനല്ല വച്ചത് എന്ന്. പിന്നെ ഞങ്ങളാണോ വച്ചത്. ഞങ്ങൾ നിയമിച്ചവരാണോ അവിടെയിരിക്കു ന്നത്. അടിയന്തര പ്രമേയത്തിന് ഇത്ര നിസ്സാരമായി..... ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. എന്റെ അഭ്യർത്ഥന അദ്ദേഹം ഒരിക്കലും പരിഗണിച്ചിട്ടില്ല. ജനങ്ങളുടെ ഭക്ഷണത്തെക്കുറിച്ച് ചർച്ച ചെയ്യില്ല ഔഷധത്തെക്കുറിച്ച് ചർച്ച ചെയ്യില്ല, ജനങ്ങളെ ബാധിക്കുന്ന ഒരു വിഷയവും പ്രതിപക്ഷം അടിയന്തര പ്രമേയമായി കൊണ്ടുവന്നാൽ, പ്രതിപക്ഷം കൊണ്ടു വരുന്നു എന്ന ഒറ്റകാരണം കൊണ്ട് അത് നിഷേധിക്കാമോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതല്ലേ? നമ്മളെല്ലാവരും രോഗികളല്ലേ. ഇവിടെ ഇരിക്കുന്ന എം.എൽ.എ മാരിൽ മഹാഭൂരിപക്ഷവും രോഗികളല്ലേ? എല്ലാവരും ഔഷധങ്ങൾ വാങ്ങുന്നില്ലേ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ. ഇത് നമ്മളെയും ജനങ്ങളെയും ബാധിക്കുന്ന ഏറ്റവും വലിയ സാമൂഹ്യ പ്രശ്നമല്ലേ? ഇവിടെ പല കാര്യത്തിനും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടില്ല. ഒന്ന്, തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥൻമാർ എങ്ങനെ അവിടെ വന്നു, എന്തിന് വന്നു, ഈ സ്ഥാപനം നടത്താനാണോ? രണ്ട്, ഔഷധത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്ന ഡ്രഗ്സ് കൺട്രോ ളർ പ്രവർത്തിക്കുന്നുണ്ടോ? മൂന്ന്, ജനറിക് മെഡിസിനെല്ലാം എല്ലാ ആശുപ ത്രിയിലുമുണ്ടോ? ഇതിനൊന്നും മറുപടി പറയുന്നില്ല. എ.ജി.യുടെ റിപ്പോർട്ടി

നെക്കുറിച്ച് മറുപടി പറയുന്നില്ല. ഇത്രയും നിസാരവത്ക്കരിച്ച കേരളത്തിലെ ജനങ്ങളുടെ പൊതുജനാരോഗ്യത്തെ സംബന്ധിച്ച്, ഔഷധമില്ലായ്മയെക്കുറിച്ച് ആശുപത്രികളിൽ മരിച്ചു വീഴുന്നതിനെക്കുറിച്ചെല്ലാം ഈ സഭയിൽ ഉന്നയിച്ചാൽ അതെല്ലാം നിഷ്കരുണം തള്ളിക്കളയുന്നത് നിർഭാഗ്യകരമാണ്. ഈ സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് വീണ്ടും ഞാൻ ആവശ്യപ്പെടുകയാണ്. അത് സാദ്ധ്യമല്ല എന്നു പറഞ്ഞത് വളരെ പ്രതിഷേധാർഹവും ദയനീയവും ദാരുണവുമാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. കെ. നാണു: സർ, എ.ജി. യിൽ നിന്ന് വളരെ ഗൗരവമായ പരാമർശം വന്നപ്പോൾ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. നമ്മുടെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് ആരോഗ്യ രംഗം. കഴിഞ്ഞ കുറേ കാലങ്ങളായി മാറിമാറി വന്ന ഗവൺമെന്റുകളുടെ പ്രവർത്തന ഫലമായി ആരോഗ്യ രംഗത്ത് അക്ഷേപമില്ലാതെ മരുന്നു ലഭിക്കുന്ന സാഹചര്യമുണ്ടായി. അതിന് തകരാറ് ഉണ്ടാക്കുന്ന വിധത്തിൽ സ്വകാര്യ മേഖലയിൽ പല കമ്പനികളും പ്രവർത്തിക്കുന്നു. ആ കമ്പനികൾ പല തരത്തിൽ അവരുടെ സാധനങ്ങൾ വിറ്റഴിക്കാനും അവർക്ക് അമിതമായ ലാഭം ഉണ്ടാക്കാനും ശ്രമിക്കുന്നു. അതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് മാറുന്നുണ്ടോ എന്ന പരിശോധന നിർബന്ധമായും ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്. അത് ഇല്ലായെന്ന് എ.ജി. ചൂണ്ടികാണിച്ചപ്പോൾ അതിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ

ഫലപ്രദമായ മറുപടി ഇവിടെ കേട്ടില്ല. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് സഭ നിർത്തി വച്ച് ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമാകാത്ത തിന്റെ പേരിൽ ഞങ്ങളുടെ പാർട്ടി വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: സർ, കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പ റേഷൻ കെടുകാര്യസ്ഥതയും അഴിമതിയും മൂലം ഗുണമേൻമയുള്ള ഔഷധ ങ്ങൾ യഥാസമയം ആശുപത്രികളിൽ എത്തിക്കുന്ന കാര്യത്തിൽ വിമുഖത കാട്ടിയിരിക്കുകയാണ്. ഇത് വളരെ ഗുരുതരമായിട്ടുള്ള ഒരു പ്രശ്നമാണ്. മനുഷ്യ ജീവനെ സംരക്ഷിക്കുന്ന തരത്തിലുള്ള സംരക്ഷണം ഏർപ്പെടുത്തേ ണ്ടുന്ന മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ ആവശ്യ ത്തിനുള്ള മരുന്ന് കിട്ടുന്നില്ലായെന്ന ഗുരുതരമായ ആരോപണംപോലും ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹ ത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. തോമസ് ചാണ്ടി: സർ, സൂപ്പർ സ്പെഷ്യലിറ്റി ഹോസ്പിറ്റലുക ളിൽ പോകാൻ കഴിവില്ലാത്ത കേരളത്തിലെ കോടിക്കണക്കിനാളുകളുടെ സഹായത്തിന് വേണ്ടിയാണ് ഇങ്ങനെയൊരു കോർപ്പറേഷൻ രൂപീകരിച്ചത്. അവർക്ക് മരുന്ന് വേണം, ഓപ്പറേഷൻ നടത്തിയാൽ അവർക്ക് വാങ്ങാൻ കഴിവില്ലാത്ത വിധം വിലയുള്ള മനുഷ്യന്റെ സ്പെയർ പാർട്സ്-വാൽവ്

പോലെയുള്ള കാര്യങ്ങൾ വേണം. ഇങ്ങനെയുള്ള കാര്യങ്ങൾ പാവങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി സ്ഥാപിച്ച ഈ കോർപ്പറേഷന്റെ തലപ്പത്ത് ഇതുമായി പുലകാലബന്ധമില്ലാത്ത.... ഈ ഗവൺമെന്റിന്റെ കാലത്താണോ അത് ഏത് ഗവൺമെൻിന്റെ കാലത്താണ് എന്ന് അറിഞ്ഞാൽ കൊള്ളാം. എത്രയോ എക്സ്പെർട്ട്സ്, റിട്ടയർ ചെയ്തവർ ഈ രാജ്യത്ത് ജീവിച്ചിരിക്കുന്നു, ഈ രംഗത്ത് കോൺട്രിബ്യൂട്ട് ചെയ്യാൻ കഴിവുള്ള സമർത്ഥൻമാർ എത്രയോ പേർ ജീവിച്ചിരിക്കുന്നു അവരെ മാറ്റി വനപാലകൻമാരെ നിയമിച്ചത് ആരുടെ കാലത്താണെന്ന് അറിഞ്ഞാൽ കൊള്ളാം. ഇത്തരത്തിലുള്ള കാര്യം ഇവിടെ ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. )

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)

(ശ്രദ്ധക്ഷണിക്കൽ)